ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 13.05.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ട വോട്ടെടുപ്പ് തുടങ്ങി. വിധിയെഴുത്ത്, ഒൻപത് സംസ്ഥാനങ്ങളിലും ജമ്മു കാശ്മീരിലുമായി 96 മണ്ഡലങ്ങളിൽ.**
   Polling for fourth phase of Lok Sabha elections voting begins in 96 constituencies of Nine States and Jammu Kashmir

2. **ഒഡിഷ, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് ആരംഭിച്ചു.**
   Polling of Election for Andhra Pradesh and Odisha legislative assemblies also begins.

3. **വരുംഘട്ടങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രചാരണം രാജ്യത്ത് ഊർജിതം.**
   The election campaign for the upcoming phases are intense in the country.

4. **കേരളത്തിൽ വെള്ളിയാഴ്ചവരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
   IMD says Isolated heavy rain likely in Kerala till friday, Yellow alert in Idukki and pathanamthitta today.

5. **ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി ചെന്നൈ സൂപ്പർ കിംഗ്സ് .**
   Chennai Super Kings defeats Rajasthan Royals by five wickets in IPL cricket.

**************************************************

**FOURTH PHASE – POLLING (INTRO)**

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. ഒൻപത് സംസ്ഥാനങ്ങളിലും ജമ്മു കാശ്മീരിലുമായി 96 മണ്ഡലങ്ങളിലാണ് ഇന്ന് വിധിയെഴുത്ത്. 17 കോടി 70 ലക്ഷത്തിലധികം വോട്ടർമാരാണ് സമ്മതിദാനാവകാശം വിനിയോഗിക്കുന്നത്.

വിശദാംശങ്ങളിലേക്ക്...

(VOICE)

പൊതു തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ടത്തിൽ ആന്ധ്രപ്രദേശിലെയും തെലങ്കാനയിലെയും മുഴുവൻ മണ്ഡലങ്ങളിലും പോളിംഗ് നടക്കും. രാവിലെ 7 മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകുന്നേരം 6 മണിയോടെ പൂർത്തിയാകും. ഝാർഖണ്ഡിലെ നാലും പശ്ചിമ ബംഗാളിലെ എട്ടും സീറ്റുകളിലാണ് വോട്ടെടുപ്പ്. ഉത്തർപ്രദേശിൽ 13ഉം, മധ്യപ്രദേശിൽ എട്ടും, ഒഡിഷയിൽ നാലും മഹാരാഷ്ട്രയിൽ പതിനൊന്നും, ജമ്മു കശ്മീരിൽ ഒന്നും, ബിഹാറിൽ 5 ഉം സീറ്റുകളിൽ ഈ ഘട്ടത്തിൽ വിധിയെഴുതും. 1,717 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. ഒരു ലക്ഷത്തി 92,000 പോളിംഗ് സ്റ്റേഷനുകളിലായി 19 ലക്ഷത്തിലധികം തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. സമ്മതിദായകരുടെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കുന്നതിന് തെലങ്കാനയിലെ 17 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് സമയം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ദീർഘിപ്പിച്ചിട്ടുണ്ട്. ഉയർന്ന താപനില കണക്കിലെടുത്ത് എല്ലാ പോളിംഗ് സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

ന്യൂസ് ഡെസ്ക്, ആകാശവാണി...

**********************************************

## FOURTH PHASE – PROMINENT CANDIDATES

നാലാം ഘട്ടമായ ഇന്ന് നിരവധി പ്രമുഖർ ജനവിധി തേടുന്നുണ്ട്. കേന്ദ്ര മന്ത്രിമാരായ ഗിരിരാജ് സിങ്, അർജുൻ മുണ്ടെ, ജി കിഷൻ റെഡ്ഡി, അജയ് കുമാർ മിശ്ര, ജെ ഡിയുവിൻറെ രാജീവ് രഞ്ചൻ സിങ്, സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്, കോൺഗ്രസ് നേതാവ് അധിർ രഞ്ചൻ ചൗധരി, തൃണമൂൽ കോൺഗ്രസിൻറെ മഹുവ മോയ്ത്ര, ശത്രുഘ്നൻ സിൻഹ, AIMIMന്റെ അസദുദ്ദിൻ ഒവൈസി തുടങ്ങിയവർ ഇതിൽ ഉൾപ്പെടുന്നു.

*******************************************

## ANDHRA- ODISHA ELECTION

നാലാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനോടൊപ്പം ഒഡിഷ, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ നിയമസഭയിലേക്കുള്ള വോട്ടെടുപ്പും ഇന്ന് ആരംഭിച്ചു. ആന്ധ്രാപ്രദേശിൽ ആകെയുള്ള 25 ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനോടൊപ്പം 175 അംഗ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് ഒറ്റ ഘട്ടമായാണ് നടക്കുന്നത്. നാല് ഘട്ടങ്ങളിലായി വോട്ടെടുപ്പ് ക്രമീകരിച്ചിട്ടുള്ള ഒഡിഷയിൽ, 147 നിയമസഭാ മണ്ഡലങ്ങളിലെ 28 സീറ്റുകളിലും 21 പാർലമെൻറ് മണ്ഡലങ്ങളിലെ നാല് സീറ്റിലുമാണ് ഇന്ന് വോട്ടെടുപ്പ്.

*******************************************

## 4th 5th PHASE CAMPAIGN& 5th PHASE CAMPAIGN

അഞ്ച്, ആറ്, ഏഴ് ഘട്ടങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് പ്രചാരണം രാജ്യത്ത് ഊർജിതമായി പുരോഗമിക്കുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രധാന നേതാക്കളെല്ലാം പ്രചാരണ രംഗത്ത് സജീവമാണ്. പ്രധാനമന്ത്രിയും ബിജെപിയുടെ

മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഇന്ന് ബിഹാറിലും ഉത്തർപ്രദേശിലും തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും. പ്രധാനമന്ത്രി നാളെ വാരണസിയിൽ നാമനിർദേശ പത്രിക സമർപ്പിക്കും. കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് മഹാരാഷ്ട്രയിൽ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധിയും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും ഇന്ന് ഉത്തർപ്രദേശിലെ റായ്ബറേലിയിൽ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ മോത്തിനഗർ, ഉത്തംനഗർ എന്നിവിടങ്ങളിൽ ഇന്നലെ റോഡ് ഷോയിൽ പങ്കെടുത്തു.

*******************************************

**AAP convenor –Delhi Chief Minister**

പത്ത് തിരഞ്ഞെടുപ്പ് ഉറപ്പുകൾ പ്രഖ്യാപിച്ച്, ആംആദ്മി പാർട്ടി കൺവീനറും ഡൽഹി മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്‌രിവാൾ . ഐഎൻഡിഐഎ സഖ്യം അധികാരത്തിൽ വന്നാൽ ഉറപ്പുകൾ നടപ്പാക്കുമെന്ന് അദ്ദേഹം ഇന്നലെ ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തെ അഭിസംബോധന ചെയ്യവേ വ്യക്തമാക്കി. എല്ലാ ദരിദ്രർക്കും 24 മണിക്കൂർ വൈദ്യുതിക്കൊപ്പം 200 യൂണിറ്റ് സൗജന്യ വൈദ്യുതി, എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം, സൗജന്യ വൈദ്യചികിത്സ, അഗ്നിവീർ പദ്ധതി റദ്ദാക്കൽ, കർഷകർക്ക് എംഎസ്പി, ഡൽഹിക്ക് പൂർണ സംസ്ഥാന പദവി എന്നിവ ഉറപ്പുകളിൽ ഉൾപ്പെടുന്നുവെന്ന് കെജ്‌രിവാൾ പറഞ്ഞു.

*******************************************

**RAHUL-HIMANTA**

രാജ്യത്തെ തൊഴിലില്ലായ്മയാണ് ഈ ലോക്സഭാ തെരഞ്ഞെടുപ്പിലെ പ്രധാന വിഷയമെന്ന് മുതിർന്ന കോൺഗ്രസ്

നേതാവ് രാഹുൽ ഗാന്ധി. പ്രചാരണ വേളയിൽ തൊഴിലില്ലായ്മ ഭരണകക്ഷി എടുത്തു കാണിച്ചിട്ടില്ലെന്ന്, ന്യൂഡൽഹിയിൽ നടന്ന ഒരു പരിപാടിയിൽ യുവാക്കളുമായി സംവദിക്കവേ രാഹുൽ ഗാന്ധി ആരോപിച്ചു. കോൺഗ്രസ് ഭരണകാലത്ത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ജനങ്ങൾ വിവേചനം നേരിട്ടിരുന്നുവെന്ന് ഡൽഹിയിലെ ബിജെപി ആസ്ഥാനത്ത് നടന്ന ഒരു പരിപാടിയിൽ സംസാരിക്കവെ ബിജെപി നേതാവും അസം മുഖ്യമന്ത്രിയുമായ ഹിമന്ത ബിശ്വ ശർമ്മ അവകാശപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ശ്രമങ്ങളുടെ ഫലമായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ജനങ്ങൾക്കെതിരായ വംശീയ വിവേചനം ഇപ്പോൾ അടഞ്ഞ അധ്യായമാണെന്ന് അദ്ദേഹം പറഞ്ഞു.
*****************************************

**DELHI- BOMB THREAT**

ഡൽഹി I G I വിമാനത്താവളം, മംഗോൾപുരി മേഖലയിലെ സഞ്ജയ് ഗാന്ധി ആശുപത്രി, ബുരാരിയിലെ സർക്കാർ ആശുപത്രി എന്നിവിടങ്ങളിലെ ബോംബ് ഭീഷണി വ്യാജമെന്ന് ഡൽഹി ഫയർ സർവീസ് അറിയിച്ചു. ഇവിടങ്ങളിൽ ബോംബ് ഭീഷണി സംബന്ധിച്ച് ഇമെയിൽ ലഭിച്ചതിനെ തുടർന്ന് പോലീസും ബോംബ് സ്ക്വാഡും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി .
*****************************************

**ISRO**

ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനമായ ഐഎസ്ആർഒ അഡിറ്റീവ് നിർമാണ സാങ്കേതികവിദ്യയിലൂടെ നിർമ്മിച്ച പുതിയ ലിക്വിഡ് റോക്കറ്റ് എഞ്ചിൻ വിജയകരമായി പരീക്ഷിച്ചു. ഈ മാസം 9-ന് തമിഴ്നാട്ടിലെ മഹേന്ദ്രഗിരിയിലുള്ള

ഐഎസ്ആർഒ പ്രൊപ്പൽഷൻ കോംപ്ലക്സിലാണ് വിജയകരമായി പരീക്ഷണം നടത്തിയത്.
*******************************************

## DEFENCE- INS KILTAN

ഇന്നലെ വിയറ്റ്നാമിലെ കാംറാൻ ബേയിൽ എത്തിയ ഇന്ത്യൻ നാവികസേനയുടെ അന്തർവാഹിനി വിരുദ്ധ യുദ്ധകപ്പലായ ഐഎൻഎസ് കിൽത്തന് വിയറ്റ്നാം പീപ്പിൾസ് നേവിയുടെയും ഇന്ത്യൻ എംബസിയുടെയും നേതൃത്വത്തിൽ ഊഷ്മളമായ സ്വീകരണം ലഭിച്ചതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. രണ്ട് നാവിക രാഷ്ട്രങ്ങൾ തമ്മിലുള്ള ദീർഘകാല സൗഹൃദവും സഹകരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഈ സന്ദർശനം വഴിയൊരുക്കുമെന്നും മന്ത്രാലയം കൂട്ടിച്ചേർത്തു. ഇന്ത്യൻ നേവിയും വിയറ്റ്നാം പീപ്പിൾസ് നേവിയും തമ്മിൽ കടലിൽ നടക്കുന്ന സംയുക്ത സൈനിക അഭ്യാസത്തോടെ സന്ദർശനം സമാപിക്കും.
*******************************************

## TAMILNADU-MP DEATH

തമിഴ്നാട്ടിലെ നാഗപട്ടണത്തിൽ നിന്നുള്ള CPI എംപി എം. സെൽവരസു അന്തരിച്ചു. 67 വയസായിരുന്നു. ചെന്നൈയിൽ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം.
*******************************************

## KERALA RAIN UPDATES

കേരളത്തിൽ വെള്ളിയാഴ്ചവരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി ജില്ലകളിലും നാളെ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലും മഞ്ഞ ജാഗ്രതയുണ്ട്. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ല.
*******************************************

**KANNUR - COURT**

പ്രണയാഭ്യർത്ഥന നിരസിച്ചതിനെ തുടർന്ന്, കണ്ണൂർ കൂത്തുപറമ്പ് സ്വദേശി വിഷ്ണുപ്രിയയെ, വീട്ടിൽ അതിക്രമിച്ചു കയറി കൊലപ്പെടുത്തിയ കേസിൽ തലശ്ശേരി അഡീഷണൽ ജില്ലാ സെഷൻസ്കോടതി ഇന്ന് വിധി പറയും. പ്രതി മാനന്തേരിയിലെ മുരിക്കോളി ശ്യാംജിത്ത് കുറ്റക്കാരനെന്ന് കോടതി കഴിഞ്ഞ ദിവസം കണ്ടെത്തിയിരുന്നു. 2022 ഒക്ടോബർ 22-നാണ് കേസിന് ആസ്പദമായ സംഭവം നടന്നത്.

**********************************************

**KOZHIKODE- DEATH**

ഹിമാചലിൽ അപകടത്തിൽ മരിച്ച കരസേന സൈനികൻ ആദർശിന്റെ സംസ്കാരം ഇന്ന് ഫറോക്കിലെ വീട്ടുമുറ്റത്ത് ഔദ്യോഗിക ബഹുമതിയോടെ നടക്കും. ഇന്നലെ രാത്രി 10.30 ഓടെ കോഴിക്കോട് വിമാനത്താവളത്തിൽ എത്തിച്ച മൃതദേഹം കോഴിക്കോട് തഹസിൽദാറുടെ സാന്നിധ്യത്തിൽ സേനാംഗങ്ങൾ ഏറ്റുവാങ്ങി. വിലാപയാത്രയ്ക്കും പൊതു ദർശനത്തിനും ശേഷമാകും സംസ്കാരം.

**********************************************

**V MURALEEDHARAN**

ശ്രീശങ്കര ട്രസ്റ്റ് സംഘടിപ്പിക്കുന്ന ശ്രീശങ്കര ജയന്തി ആഘോഷപരിപാടികൾ കേന്ദ്രസഹമന്ത്രി വി. മുരളീധരൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. രാവിലെ 10.30 നാണ് പരിപാടി.

**********************************************

## BIRD FLU- PATHANAMTHITTA

തിരുവല്ല നിരണത്തെ താറാവു വളർത്തൽ കേന്ദ്രത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതോടെ പഞ്ചായത്തിൽ പ്രതിരോധ നടപടികൾ ഊർജ്ജിതമാക്കി. കളക്ടറുടെ നേതൃത്വത്തിൽ ഇന്ന് അവലോകന യോഗം ചേർന്ന് തുടർനടപടി

സ്വീകരിക്കും. നിരണത്തെ സർക്കാർ താറാവ് വളർത്തൽ

കേന്ദ്രത്തിൽ ഈ മാസം ഏഴിന് താറാവുകൾ

ചത്തതോടെ ഭോപ്പാൽ വൈറോളജി ലാബിലേക്ക് സാംപിളുകൾ

പിശോധനയ്ക്ക് അയച്ചു. തുടർന്നാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്.

*******************************************

## BOAT ACCIDENT - MALAPPURAM

തൃശൂർ ചേറ്റുവയ്ക്ക് സമീപം പൊന്നാനി ഉൾക്കടലിൽ കപ്പൽ ഇടിച്ച് മത്സ്യബന്ധന ബോട്ട് തകർന്ന് 2 തൊഴിലാളികളെ

കാണാതായി. 4 പേരെ രക്ഷപ്പെടുത്തി. തിരച്ചിൽ തുടരുന്നു.

*******************************************

## SABARIMALA - KSRTC

ഇടവമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട നാളെ വൈകിട്ട്

തുറക്കും. ഇതോടനുബന്ധിച്ച് പ്രത്യേക സർവീസിനായി

കെഎസ്ആർ ടിസി 100 ബസുകൾ അനുവദിച്ചു. പമ്പ

ത്രിവേണിയിലെ ജലനിരപ്പ് താഴ്ന്നതിനാൽ, ഇടവമാസ പൂജയുടെ പശ്ചാത്തലത്തിൽ പമ്പ,

കൊച്ചുപമ്പ ഡാമുകൾ ഇന്നലെ രാവിലെ ആറിന് തുറന്നു.

*******************************************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ, ചെന്നൈ സൂപ്പർ കിംഗ്സ്- രാജസ്ഥാൻ റോയൽസിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി .

ചെന്നൈ M A ചിദംബരം സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 142 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ചെന്നൈ 10 പന്തുകൾ ബാക്കി നിൽക്കെ ലക്ഷ്യം മറികടന്നു. ബെംഗളൂരുവിൽ നടന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു 47 റൺസിന് തോല്പിച്ചു .

ഇന്ന് വൈകിട്ട് 7.30-ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

*******************************************

## SIX QUOTAS- OLYMPICS

2024-ലെ പാരീസ് ഒളിമ്പിക്സിൽ, ഇന്ത്യൻ സംഘത്തിൽ വനിതാ ഗുസ്തി താരങ്ങൾ തങ്ങളുടെ ക്വാട്ട ആറാക്കി ഉയർത്തി.

തുർക്കിയിലെ ഇസ്താംബൂളിൽ നടന്ന ലോക ഒളിമ്പിക് ഗുസ്തി യോഗ്യതാ മത്സരത്തിൽ അമൻ സെഹ്‌റാവത്തും നിഷാ ദഹിയയും വിജയിച്ചതോടെയാണ് ഇന്ത്യൻ വനിതാ ഗുസ്തി താരങ്ങളുടെ എണ്ണം ആറായി ഉയർന്നത് . നേരത്തെ, 50 കിലോഗ്രാം വിഭാഗത്തിൽ വിനേഷ് ഫോഗട്ട്, 53 കിലോഗ്രാം വിഭാഗത്തിൽ ആൻ്റിം പംഗൽ, 57 കിലോയിൽ അൻഷു മാലിക്, 76 കിലോഗ്രാം വിഭാഗത്തിൽ റീതിക ഹൂഡ എന്നിവർ ഒളിമ്പിക്സിന് യോഗ്യത നേടിയിരുന്നു.

ടോക്കിയോ ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ബജ്റംഗ് പുനിയയും വെള്ളി മെഡൽ ജേതാവ് രവികുമാർ ദഹിയയും ഇന്ത്യൻ ഗുസ്തി ടീമിൽ ഇടം നേടിയില്ല.

*******************************************

*******************************